TUESDAY 14-12-2021 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : George Sebastian Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 14/12/2021

1. തിരുവനന്തപുരം ജില്ലയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ-യുടെ വിവിധ ഘടകങ്ങളായ ചെറുകിട കൂൺ ഉൽപ്പാദന യൂണിറ്റ്, ഹൈടെക് പാൽ കൂൺ ഉൽപ്പാദന യൂണിറ്റ്, കൂണിന്റെ ചെറിയകൂൺ ഉത്പാദന/സംസ്കരണ യൂണിറ്റുകൾ, വെർമി കമ്പോസ്റ്റ് യൂണിറ്റ്, ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനായി വികേന്ദ്രീകൃത നഴ്സറി സ്ഥാപിക്കൽ, ശീതകാല പച്ചക്കറി കൃഷി, വാഴകൃഷി വ്യാപനം, പൈനാപ്പിൾ കൃഷി വ്യാപനം, പാഷൻഫ്രൂട്ട് കൃഷി വ്യാപനം, പന്തലുള്ള പച്ചക്കറി കൃഷി, പന്തലില്ലാത്ത പച്ചക്കറികൃഷി എന്നിവ ജില്ലാ ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്നു. ഓരോ യൂണിറ്റിനും നിശ്ചിത നിരക്കിൽ ധനസഹായം ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും ആനുകൂല്യം ലഭ്യമാകുന്നതിനും വേണ്ടി അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടണമെന്ന് തിരുവനന്തപുരം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

2. സപ്ലൈകോയുടെ 2021-22 ഒന്നാം വിള സീസൺ നെല്ല് സംഭരണത്തിനായുള്ള രജിസ്ട്രേഷൻ ഈ മാസം 18 വരെ (ഡിസംബർ 13 മുതൽ 18 വരെ) സപ്ലൈകോയുടെ വെബ്സൈറ്റായ www.supplycopaddy.in എന്ന സൈറ്റിലൂടെ ചെയ്യാവുന്നതാണെന്ന് ആലപ്പുഴ പാഡി മാർക്കറ്റിംഗ് ഓഫീസർ അറിയിച്ചു.

3. തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷീരഗ്രാമം പദ്ധതിയിലെ രണ്ടു പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, ഒരു പശു ഒരു കിടാരി, മൂന്നു പശു രണ്ട് കിടാരി, അവശ്യാധിഷ്ഠിത ധനസഹായം, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം, കന്നുകാലികൾക്കുള്ള പാരിസ്ഥിതിക സമ്മർദ്ദ ലഘൂകരണം, ധാതുലവണമിശ്രിതം തുടങ്ങിയ പദ്ധതികൾക്ക് ക്ഷീരശ്രീ പോർട്ടൽ വഴി ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു. **ksheerasree.kerala.gov.in** എന്ന പോർട്ടൽ മുഖാന്തിരം ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 18 (ഡിസംബർ 18) ആണ്. കൂടുതൽ വിവരങ്ങൾക്ക് **9497639939, 9400478717, 9496262296, 9446384666** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവ്വകലാശാല നടത്തി വരുന്ന ബി.എസ്.സി പൗൾട്ടറി പ്രൊഡക്ഷൻ ആൻഡ് ബിസിനസ്സ് മാനേജ്മെന്റ്, വിവിധ ഡിപ്ലോമ/എം.എസ്/എം.എസ്.സി കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സർവ്വകലാശാല ആസ്ഥാനത്തുള്ള കബനി ഓഡിറ്റോറിയത്തിൽ വച്ച് ഈ മാസം 17-ന് (ഡിസംബർ 17) സ്പോട്ട് അഡ്മിഷൻ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് www.kvasu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **04936 209260, 209270, 209269** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

5. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ ചെറ്റച്ചൽ ജഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റിലെ തെങ്ങ്, സപ്പോർട്ട, ശീമപ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളിൽ നിന്നും 2022 കാലയളവിൽ മേലാദായം എടുക്കുന്നതിനുള്ള അവകാശം നൽകുന്നതിനായി ഈ മാസം 23-ന് (09.12.2021) രാവിലെ 11.30 -ന് ഫാം ഓഫീസ് പരിസരത്ത് വച്ച് പരസ്യമായി ലേലം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9846671074, 8547194180** എന്നീ ഫോൺ നമ്പരുകളിലോ jfeu.ahd@kerala.gov.in എന്ന മെയിലിലോ പ്രവൃത്തി സമയങ്ങളിൽ ഓഫീസിലോ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടികൾ

6. പാലക്കാട് പട്ടാമ്പി കൃഷി വിജ്ഞാന കേന്ദ്രത്തിൽ **കൂൺ കൃഷിയും സംസ്കരണവും** എന്ന വിഷയത്തിൽ ഈ മാസം 17,18 (ഡിസംബർ 17,18) തീയതികളിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ **6282937809** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. കോട്ടയം ജില്ലാ ക്വാളിറ്റി കൺട്രോൾ യൂണിറ്റിന്റെയും വില്ലൂന്നി ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെയും ആഭിമുഖ്യത്തിൽ ഇന്ന് (ഡിസംബർ 14) രാവിലെ 10 മണിക്ക് ആർപ്പൂക്കര മൃഗാശുപത്രി ഹാളിൽ വച്ച് **പാൽ ഗുണനിയന്ത്രണ ബോധവത്ക്കരണ** പരിപാടി നടത്തുന്നു. ഇതിനോടനുബന്ധിച്ച് **ഭക്ഷ്യ സുരക്ഷാ നിയമം -ക്ഷീര കർഷകർ അറിയേണ്ടത്, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തലും പാൽ വില നിർണ്ണയവും, ക്ഷീരവികസന പദ്ധതികൾ ക്ഷീരകർഷകരുടെ ക്ഷേമത്തിന്**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തുടങ്ങിയ വിഷയങ്ങളിൽ ക്ഷീര വികസന വകുപ്പിലെ സാങ്കേതിക വിദഗ്ദ്ധർ നടത്തുന്ന ക്ലാസ്സുകളും ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് **0481–2303514** എന്ന നമ്പരിൽ ബന്ധപ്പെടുക.

8. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് **താറാവ് വളർത്തൽ** എന്ന വിഷയത്തിൽ നാളെ (15/12/21) രാവിലെ 10 മണിക്ക് നടത്താനിരുന്ന പരിശീലന ക്ലാസ്സ് സാങ്കേതിക കാരണങ്ങളാൽ മാറ്റിവെച്ചതായും പുതിയ തീയതി പിന്നീട് അറിയിക്കുന്നതാണെന്നും അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

9. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് വേണ്ടി ഈ മാസം 18-ന് (ഡിസംബർ18ന്) "**തീറ്റപ്പുൽകൃഷിയും സൈലേജ് നിർമ്മാണവും**" എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. ഉച്ചവരെ എൽ.എം.ടി.സി സെമിനാർ ഹാളിൽ വെച്ച് ക്ലാസും ഉച്ചയ്ക്ക് ശേഷം താനാളൂർ ഫാമിൽ വെച്ച് സൈലേജ് നിർമ്മാണത്തിലുള്ള പ്രായോഗിക പരിശീലനവുമാണ് സംഘടിപ്പിക്കുന്നത്. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഈ മാസം 16-ന് (16/12/2021 ന്) 5 മണിയ്ക്ക് മുമ്പ് 0494-296 2296, 8089293728 എന്നീ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 16,17 തീയതികളിൽ **മുട്ടക്കോഴി വളർത്തൽ**, 20,21 തീയതികളിൽ **ആട് വളർത്തൽ** തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0479–2457778** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. മൃഗക്ഷേമവുമായി ബന്ധപ്പെട്ട പെറ്റ് ഷോപ്പ് റൂൾ, മാർക്കറ്റ് റൂൾ, നാട്ടാന പരിപാലന നിയമം, ഡോഗ് ബ്രീഡിംഗ് റൂൾ, പി സി എ ആക്ട്, എ ബി സി ഡോഗ് റൂൾ, പഞ്ചായത്ത് രാജ് ആക്ട് എന്നീ നിയമങ്ങളെ സംബന്ധിച്ചുള്ള ഒരു ബോധവത്ക്കരണ വെബിനാർ തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ വച്ച് സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **9995284127** എന്ന നമ്പരിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി **ഡിസംബർ** 18 ആണ്.